
സപ്തംബർ 2012 വാല്യം 5 ലക്കം 5

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY





# ചരിത്രപ്രാധാന്യം നിറഞ്ഞ പ്രത്യേക ഏകദിനഭണ്ഡാര

## 15 ആഗസ്റ്റ് 2012 മണപ്പാക്കം, ചെന്നൈ

2012 ആഗസ്റ്റ് 11നു മാസ്റ്റർ, സഹോ. കമലേഷ് പട്ടേലിനോട് മിഷന്റെ പ്രവർത്തനസമിതിയുടെ ഒരു പ്രത്യേകയോഗം ആഗസ്റ്റ് 15നു മണപ്പാക്കം ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വിളിച്ചുചേർക്കുവാൻ ആവശ്യപ്പെട്ടു. അടുത്തദിവസം വൈകുന്നേരം ആശ്രമം മാനേജരെ വിളിച്ച് പതിനഞ്ചാം തിയ്യതി മണപ്പാക്കം ആശ്രമത്തിൽ ഒരു സവിശേഷ ഭണ്ഡാര നടത്താനുള്ള തന്റെ തീരുമാനം മാസ്റ്റർ അറിയിച്ചു. എല്ലാ അഭ്യാസികളെയും ഭണ്ഡാരയ്ക്ക് ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്ത് സഹജസന്ദേശം വഴി അയക്കാനായി അദ്ദേഹം പറഞ്ഞെഴുതിച്ചു. അത് അഭ്യാസികളുടെ ഒരസാധാരണ ജനറൽബോഡി മീറ്റിങ്ങിനുള്ള ക്ഷണം കൂടിയായിരുന്നു. രാവിലെ ആറരയ്ക്കും, പതിനൊന്നിനും, വൈകുന്നേരം നാലരയ്ക്കുമായി 3 സത്സംഗങ്ങൾ ഭണ്ഡാരദിനത്തിൽ നടത്താൻ തീരുമാനിച്ചിരുന്നു.

മൂത്രാശയത്തിനും കുടലിനും ബാധിച്ച കടുത്ത രോഗങ്ങളാൽ ജൂലൈ അഞ്ച് മുതൽ ചികിത്സയിലായിരുന്ന മാസ്റ്റർ എന്നത്തെയും പോലെ ഒരു പരാതി പോലും പറയാതെ പറഞ്ഞറിയിക്കാനാവാത്ത വേദന സഹിക്കുകയായിരുന്നു. മാസ്റ്ററുടെ ഈയവസ്ഥയിൽ അഭ്യാസികളും ആശങ്കാകുലരായിരുന്നു. ഭക്ഷണം കഴിക്കാൻ സാധിക്കാതിരുന്നതിനാൽ മാസ്റ്റർ മെലിയുകയും ഇതുവരെയുള്ളതിൽ വെച്ചേറ്റവുംകൂടുതൽ നാൾ ശയ്യാവലംബിയായിത്തീരുകയും ചെയ്തു. അതുകൊണ്ടുതന്നെ ഭണ്ഡാരയ്ക്കുള്ള അദ്ദേഹത്തിന്റെ തീരുമാനം എല്ലാ അഭ്യാസികളെയും അത്ഭുതപ്പെടുത്തിയിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ വിളി വെറും രണ്ടുദിവസത്തിനുള്ളിൽ ഇരുപത്തിയൊന്നായിരം അഭ്യാസികളെ മണപ്പാക്കത്തെത്തിച്ചു!

"നിങ്ങളുടെ പ്രതികരണം, നിങ്ങളുടെ തീവ്രമായ പ്രതികരണം, എന്റെ പ്രിയബാബുജി മഹരാജ് വിസ്പേർസിലൂടെ (വിസ്പേർസ് ഫ്രം ദി ബ്രൈറ്റർ വേൾഡ്)വീണ്ടും വീണ്ടും എഴുതിക്കൊണ്ടിരിക്കുന്ന കാര്യം സത്യമാണെന്ന് എന്നെ ബോധ്യപ്പെടുത്തുന്നു: ഹൃദയങ്ങൾ സാക്ഷാത്കാരത്തിനായി വെമ്പൽ കൊള്ളാൻ തുടങ്ങിയിരിക്കുന്നു, ആളുകൾ ആത്മീയജീവിതം കൂടുതൽ കൂടുതൽ ആവശ്യപ്പെടുന്നു, അതിനായവർ കൂടുതൽ കൂടുതൽ പ്രതിജ്ഞാബദ്ധരാകുന്നു, അവരിൽ നിന്നും ആത്മസമർപ്പണം കൂടുതൽ കൂടുതലായുണ്ടാകുന്നു, വളരെ നല്ല സൂചനയാണത്."

15 ആഗസ്റ്റ് 2012
മണപ്പാക്കം, ചെന്നൈ





ഒരു ദിവസം മുൻപ് ആഗസ്റ്റ് 11–ന് മാസ്റ്റർ സി.റ്റി സ്കാനിങ്ങിന് (PET/CT Scan) വിധേയനായിരുന്നു. അണുബാധയില്ലയെന്ന് ഉറപ്പാക്കാൻ അതുകൊണ്ട് സാധിച്ചു. ഈ ശുഭവാർത്തയറിഞ്ഞ് എല്ലാ ഡോക്ടർമാരും സന്തോഷത്തിലായിരുന്നു. “സ്കാനിംഗിൽ എനിക്ക് കുഴപ്പമൊന്നുമില്ല എന്ന് പറഞ്ഞിട്ടും ഈ ഡോക്ടർമാരെനിക്കെന്തിനാണ് പിന്നേയും മരുന്നുകൾ നൽകുന്നത്” എന്ന് മാസ്റ്റർ തമാശരൂപേണ പറഞ്ഞപ്പോൾ മുറിയിലുണ്ടായിരുന്ന എല്ലാവരും ചിരിച്ചു.

ഭണ്ഡാരയ്ക്കുള്ള വിജ്ഞാപനം അയച്ച ഉടനെത്തന്നെ, വെറും മൂന്ന് ദിവസം മാത്രമുള്ളതിനാൽ, തയ്യാറെടുപ്പുകൾ തകൃതിയായി ആരംഭിച്ചു. തിരുപ്പൂരിൽ നടക്കാറുള്ള ഭണ്ഡാരകളിൽ പന്തലുകളും മറ്റും തയ്യാറാക്കാറുള്ള, വിശ്വസനീയനായ, ബംഗ്ലൂരിൽ നിന്നുമുള്ള ശ്രീ.ഫ്രാൻസിസ്, അദ്ദേഹത്തിന്റെ സാധനസാമഗ്രികളും സംഘത്തോടുമൊപ്പം, വിളിക്കപ്പെട്ടു. തിരുപ്പൂരിൽ നിന്നുമുള്ള വളന്റിയർമാരും അവസരത്തിനൊത്തുയർന്നു. തുടർന്നുള്ള ദിവസങ്ങളിലവർ പത്ത്–പതിനയ്യായിരം വരുന്ന അഭ്യാസികൾക്ക് സൗകര്യങ്ങളൊരുക്കാനുള്ള ജോലികളിൽ വ്യാപൃതരായിരുന്നു. ആശ്രമം മുഴുവനും കൂടാരങ്ങളും ഷാമിയാനകളും കൊണ്ട് നിറഞ്ഞു. തുറസ്സായ എല്ലാ സ്ഥലങ്ങളിലും ധ്യാനത്തിനോ താമസത്തിനോ ആയ കൂടാരങ്ങൾ നിരന്നു. എകദേശം 25,000 ചതുരശ്ര അടി വരുന്ന നാല് കൂടാരങ്ങൾ ധ്യാനമന്ദിരത്തി നിരുവശങ്ങളിലായി കെട്ടിയിരുന്നു. കൂടാതെ 30,000 ചതുരശ്ര അടിയോളമുള്ള ഷാമിയാനകൾ താമസത്തിനായുമുണ്ടായിരുന്നു.

ഇത്രയും അഭ്യാസികൾക്ക് താമസ സൗകര്യങ്ങളൊരുക്കുക എന്നതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി. ആശ്രമത്തിനടുത്ത് വസിക്കുന്ന മിക്കവാറും എല്ലാ അഭ്യാസികളും തന്നെ തങ്ങളുടെ ഗൃഹങ്ങൾ പുറമേ നിന്നും വന്ന അഭ്യാസികൾക്ക് താമസിക്കുവനായി ഒരുക്കിയിരുന്നു. ഇപ്രകാരമുള്ള പങ്കുചേരലുകളും സഹവർത്തിത്വവും സാഹോദര്യത്തിന്റെ അനുഭവമാണുളവാക്കിയത്. ആശ്രമവും അഭ്യാസികളുടെ ഗൃഹങ്ങളുമല്ലാതെ ഒമേഗ വിദ്യാലയത്തിലും എകദേശം 1500 അഭ്യാസികളെ പാർപ്പിച്ചു. കൂടാതെ അടുത്തുള്ള ഒരു പള്ളിയോട് ചേർന്നുള്ള എല്ലാ സംവിധാനങ്ങളുമുള്ളൊരു കല്യാണ മണ്ഡപത്തിലും എകദേശം 900 അഭ്യാസികൾക്ക് സൗകര്യമൊരുക്കി. മൊത്തത്തിൽ താമസസൗകര്യങ്ങൾ വളരെ ഭംഗിയായിത്തന്നെ കൈകാര്യം ചെയ്യപ്പെട്ടു.

ഈ സന്തോഷവേളക്കനുസൃതമായി ആശ്രമം അലങ്കരിക്കണമെന്നത് മാസ്റ്ററുടെ ആഗ്രഹമാകയാൽ വെളിച്ച വിതാനങ്ങളും മറ്റലങ്കാരങ്ങളും ആഗസ്റ്റ് 14–ന് രാത്രി തന്നെ ധ്യാനമന്ദിരം, മാസ്റ്ററുടെ കോട്ടേജ്, ബാബുജി മണ്ഡപം, രുചി കഫെ, ആശ്രമ കവാടം എന്നിവിടങ്ങളിലെല്ലാമുയർന്നു. ആശ്രമത്തിലെ മിക്കവാറും എല്ലായിടങ്ങളും പൂക്കളും, ദീപങ്ങളും മറ്റലങ്കാര വസ്തുക്കളും കൊണ്ടലങ്കരിച്ചിരുന്നു. ഈ അലങ്കാരങ്ങളെക്കുറിച്ചും ആശ്രമം വൃത്തിയും വെടിപ്പായും അഭ്യാസികളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞു മിരിക്കുന്നുവെന്നുമുള്ള വാർത്ത മാസ്റ്ററിലെത്തി. എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് തന്റെ വീൽചെയറിൽ ആശ്രമം ചുറ്റികാണുവാൻ മാസ്റ്റർ തീരുമാനിച്ചു. ആദ്യം അദ്ദേഹം ഡോക്ടർമാരോട് തന്നെ കോട്ടേജിന്റെ വരാന്തയിലേക്ക് കൊണ്ടുപോകുവാനാണ് ആവശ്യപ്പെട്ടത്. ബാബുജി മണ്ഡപത്തിലെ ദീപാലങ്കാരങ്ങൾ കണ്ടതോടെ അവിടേക്ക് കൊണ്ടുപോകുവാൻ പറഞ്ഞു. തിരിച്ചു വരുന്നവഴി, തന്നെ കോട്ടേജിന്റെ ഗേറ്റിലേക്ക് കൊണ്ട്പോകുവാൻ അദ്ദേഹം















കൈകൊണ്ടാംഗ്യം കാണിച്ചു. തുടർന്നദ്ദേഹം ധ്യാനമന്ദിരത്തിലെ അലങ്കാരങ്ങൾ കാണുവാൻ അവിടേക്ക് നീങ്ങി. പുതിയ ചാരുവഴിയിലൂടെ ധ്യാനമന്ദിരത്തിലേക്ക് കടന്ന അദ്ദേഹം അലങ്കാരങ്ങൾ കാണുവാൻ സ്റ്റേജിലേക്ക് കയറി. രാത്രി 8 മണിയോടെ അവിടെയെത്തിയ മാസ്റ്ററെ കണ്ടപ്പോൾ അവിടെ ജോലിചെയ്തുകൊണ്ടിരുന്നവർ അത്ഭുതപ്പെട്ടു. തുണിത്തരങ്ങളും പൂക്കളും ഉപയോഗിച്ച് ധ്യാനമന്ദിരത്തിലെ തൂണുകളെല്ലാം തന്നെ റോമൻ മാതൃകയിൽ അലങ്കരിച്ചിരുന്നു. കോട്ടേജിലേക്ക് പോകുന്ന വഴി മാസ്റ്ററുടെ മുഖത്തെ സന്തോഷഭാവം എല്ലാവർക്കും കാണാൻ കഴിഞ്ഞു.

ഇടതടവില്ലാതെ എത്തിക്കൊണ്ടിരുന്ന അഭ്യാസികളാൽ ആശ്രമം നിറഞ്ഞു. അഭ്യാസികൾ നിറഞ്ഞുനിന്ന അന്നു രാത്രി ആശ്രമത്തിൽ ആരും ഉറങ്ങിയിരുന്നില്ല. ഇത്രയും ആളുകൾ ഉണ്ടായിരുന്നിട്ടും തിരക്കും അല്ലലുമില്ലാതെ കാര്യങ്ങളെല്ലാം അടുക്കോടെ ശാന്തമായി നടന്നു. എല്ലായിടത്തും പരസ്പരം സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു. രാവിലെ 6.30 നു ഒരു മണിക്കൂർ ദൈർഘ്യമുള്ള സത്സംഗം നടത്തിയത് സഹോ. കമലേഷ് പട്ടേൽ ആയിരുന്നു. സത്സംഗം കഴിഞ്ഞ ശേഷം അഭ്യാസികൾ ശാന്തതയും അച്ചടക്കവും കൈവിടാതെ ധ്യാനമന്ദിരത്തിൽ നിന്നും ഇറങ്ങിവരുന്ന കാഴ്ച്ച കാണേണ്ടതു തന്നെയായിരുന്നു. ആരും കോട്ടേജിൽ പോയി മാസ്റ്ററെ കാണാതിരിക്കാനും ശ്രദ്ധിച്ചു.

മാസ്റ്റർ 9.30നു ധ്യാനമന്ദിരത്തിൽ എത്താൻ തയ്യാറെടുക്കുന്നതിനാൽ എല്ലാ അഭ്യാസികളും അതിനു മുൻപു തന്നെ ധ്യാനമന്ദിരത്തിൽ എത്തി ചേരണമെന്ന അറിയിപ്പുണ്ടായിരുന്നു. എല്ലാവരും കാത്തിരുന്ന നിമിഷമായിരുന്നു ഇത്. പത്തരയോടെ മാസ്റ്റർ ധ്യാനമന്ദിരത്തിലെത്തി. വീൽ ചെയറിലെത്തിയ അദ്ദേഹത്തിനു ശ്വാസോച്ഛ്വാസം സുഗമമാക്കാൻ ഓക്സിജൻ സിലിണ്ടറും ഒപ്പം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. കഴിഞ്ഞ കുറച്ചുദിവസമായി ഉണ്ടായിരുന്ന അസുഖം മാസ്റ്ററുടെ ശരീരത്തെ വളരെയധികം ക്ഷീണിപ്പിച്ചു. ശാരീരിക തലത്തിൽ ഈയിടെ മാസ്റ്ററനുഭവിച്ച വിഷമതകൾ അദ്ദേഹത്തെ ക്ഷീണിതനാക്കിയിരുന്നു. അത് ശബ്ദചലനങ്ങളിൽ പോലും പ്രതിഫലിക്കുന്നുണ്ടായിരുന്നു. അവിടെ കൂടിയിരിക്കുന്നവരിൽ പലരും വളരെക്കാലത്തിനു ശേഷം മാത്രം മാസ്റ്ററെ കാണുന്നവരും അദ്ദേഹത്തിൻെറ ആരോഗ്യത്തെക്കുറിച്ച് ആശങ്കാകുലരും ആയിരുന്നു. അദ്ദേഹത്തെ കണ്ട് എല്ലാവരും സന്തുഷ്ടരായി. മാസ്റ്ററുടെ അസുഖത്തെക്കുറിച്ചും അതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. മിഷൻെറ പ്രസിഡൻറ് സ്ഥാനത്ത് നിന്നും രാജി വെച്ച് ആ സ്ഥാനത്ത് സഹോ. കമലേഷ് പട്ടേലിനെ ചുമതലപ്പെടുത്താൻ തനിക്കാഗ്രഹമുണ്ടെന്നു മാസ്റ്റർ പറഞ്ഞു. ഇക്കാര്യത്തിൽ പ്രവർത്തകസമിതി അംഗങ്ങളുടെ അഭിപ്രായം ചോദിച്ച മാസ്റ്ററോട് സഹോ. കമലേഷ് പട്ടേലിനെ വൈസ് പ്രസിഡൻറ് ആയി അവരോധിക്കാമെന്നും മാസ്റ്റർ പ്രസിഡൻറ് ആയി തുടരണമെന്നും അവർ അഭിപ്രായപ്പെട്ടു. അവിടെ കൂടിയിരുന്ന അഭ്യാസികളോടു മാസ്റ്റർ ഇക്കാര്യത്തിൽ അഭിപ്രായം ചോദിച്ചപ്പോൾ അവർ കയ്യടിച്ച് സമ്മതം നൽകി. പ്രസിഡൻറിൻെറ എല്ലാ അധികാരങ്ങളും കടമകളും കർത്തവ്യങ്ങളും മാസ്റ്ററുടെ നേരിട്ടുള്ള മേൽനോട്ടത്തിലും ഉപദേശത്തിലും വൈസ് പ്രസിഡൻറ് നിർവഹിക്കുമെന്നു മാസ്റ്റർ പറഞ്ഞു. ഇതിനുശേഷം 15 മിനുട്ടോളം നീണ്ട സത്സംഗം നടത്തിയ മാസ്റ്റർ കോട്ടേജിലേയ്ക്ക് തിരിച്ചു പോയി. വൈകുന്നേരം സത്സംഗം നടത്തിയതു സഹോ. കമലേഷ് പട്ടേൽ ആയിരുന്നു. സത്സംഗത്തിനു മുൻപ് മിഷൻെറ സെക്രട്ടറിയും ജോയിൻറ് സെക്രട്ടറിയും രാവിലെ നടന്ന സംഭവങ്ങൾ വിശദീകരിക്കുകയും സഹോ. കമലേഷ് പട്ടേലിനെ










നിയമിച്ചുകൊണ്ട് പാസാക്കിയ പ്രമേയം വായിക്കുകയും ചെയ്തു.

സത്സംഗത്തിനുശേഷം സഹോ. കമലേഷ് പട്ടേൽ സംസാരിച്ചപ്പോൾ അദ്ദേഹം രണ്ട് പ്രധാന കാര്യങ്ങൾ ഊന്നിപ്പറഞ്ഞു, ആദ്യത്തേത്, മിഷനുവേണ്ടി പ്രവർത്തിക്കാൻ ഒരു സ്ഥാനത്തിൻെറയോ പദവിയുടെയോ ആവശ്യമില്ലെന്നും, രണ്ടാമത്തേത്, ഇപ്പോൾ അവശ്യം വേണ്ടത് "ഐക്യവും ഒരുമയും" ആണെന്നും ഏതു സാഹചര്യത്തിലും എന്തു വില നൽകിയും സഹോദരീ സഹോദരന്മാർക്കിടയിൽ ഇതു നിലനിർത്തണമെന്നതുമായിരുന്നു. ഇരുപത്തിയൊന്നായിരം പേർ ഈ ഭണ്ഡാരയിൽ പങ്കെടുത്തു എന്നു മാസ്റ്ററോടു പറഞ്ഞപ്പോൾ അദ്ദേഹം എന്തു മാത്രം സന്തോഷവാനായിരുന്നെന്നും തുടർന്ന്, "വെറും രണ്ടു ദിവസം മുൻപു നൽകിയ അറിയിപ്പിലാണ് ഇത്രയും പേർ വന്നത്...അവരെല്ലാം എൻെറ ആളുകളാണ്!" എന്ന് മാസ്റ്റർ പറഞ്ഞെന്നും സഹോ.കമലേഷ് എല്ലാവരോടും പറഞ്ഞു.

വൈകുന്നേരത്തെ സത്സംഗത്തിനുശേഷം അഭ്യാസികൾ മടങ്ങിപ്പോകാൻ ആരംഭിച്ചതിനാൽ ആശ്രമത്തിനു മുന്നിലെ റോഡിലൂടെയുള്ള ഗതാഗത നിയന്ത്രണം ഒരു വലിയ വെല്ലുവിളിയായിരുന്നു. ആദ്യം നിശ്ചയിച്ചതുപോലെ മാസ്റ്റർ രാജിവെക്കാതെ പ്രസിഡെൻറായി തുടരാൻ സമ്മതിച്ചതിനാൽ സമാധാനത്തോടെയാണ് അഭ്യാസികളെല്ലാവരും മടങ്ങിയത്. അതേസമയം തന്നിൽ അർപ്പിതമായ മിഷൻ ഭരണത്തിൻെറ ഒരു വലിയ ഭാരം ചെറുപ്പക്കാരനായ തൻെറ പിൻഗാമിയുടെ ചുമലിലേക്ക് അദ്ദേഹം കൈമാറുകയായിരുന്നു.

സ്നേഹിക്കുന്നവനെ തൻെറ പ്രിയപ്പെട്ടവൻെറ അടുത്തേക്ക് നയിക്കുന്ന ഒന്നാണ് സ്മരണ. ഈ അടുപ്പത്തിന് ഒരിക്കലും അതിരുകളില്ല. സ്നേഹത്തിൻെറ ആക്കം കൂടുന്നതിനനുസരിച്ച് അടുപ്പവും കൂടുന്നു. ഈ ബന്ധം നമുക്ക് അനന്തരാവകാശമായി ലഭിക്കുന്നതാണ്. നാം എത്രത്തോളം അദ്ദേഹവുമായി അടുപ്പം പുലർത്തുന്നുവെന്നത് നമ്മെ ആശ്രയിച്ചിരിക്കുന്നു.

ബാബുജി മഹരാജിൻെറ "കംപ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര, വാല്യം 1" പേജ് 207



## മാസ്റ്ററെക്കുറിച്ചുള്ള റിപ്പോർട്ട്

### വ്യാഴാഴ്ച, ജൂൺ 21, 2012

തിരുപ്പൂരിൽ തൻെറ ജന്മദിനാഘോഷം നടത്താൻ തീരുമനിച്ചപ്പോൾ മാസ്റ്റർ ഗായത്രിയിലായിരുന്നു. ഇതു വളരെ ആഹ്ലാദകരമായ വാർത്തയായിരുന്നു. ജൂലായ് 2011-ൽ ബാബുജിയിൽ നിന്നും മാസ്റ്റർക്ക് ലഭിച്ച രണ്ട് സന്ദേശങ്ങളിൽ ഇത്തരം അവസരങ്ങളിൽ ഒത്തുചേരേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചും എല്ലാ വർഷവും അത് നടത്തേണ്ടതിൻെറ പ്രധാന്യത്തെക്കുറിച്ചും ഊന്നിപ്പറഞ്ഞിരുന്നു. ഈ സന്ദേശങ്ങൾ മാസ്റ്റർ വായിച്ചപ്പോൾ ആഘോഷങ്ങൾ നടത്താമെന്നും അത് തിരുപ്പൂരിൽ ആകാമെന്നും തീരുമാനിച്ചു. അദ്ദേഹത്തിൻെറ ഒരേയൊരു വ്യാകുലത അഭ്യാസികൾ അദ്ധ്വാനിച്ചുണ്ടാക്കിയ പണം മുഴുവനും ഈ യാത്രയ്ക്കു വേണ്ടി ചിലവാക്കേണ്ടി വരുമല്ലോ എന്നതായിരുന്നു . ഈ ആഘോഷത്തിനായി നിശ്ചിത സംഭാവന പാടില്ലെന്നും അത് തീർത്തും സ്വമനസ്സാലെ ആയിരിക്കണമെന്നും അദ്ദേഹം തീരുമാനിച്ചു.

### വെള്ളിയാഴ്ച, ജൂൺ 22, 2012

വിശാഖപട്ടണത്തിൽ നിന്നും ആന്ധ്രപ്രദേശിലെ മറ്റു സെൻററുകളിൽ നിന്നുമായി എത്തിച്ചേർന്ന അഭ്യാസികളെ കണുന്നതിനായി മാസ്റ്റർ ആശ്രമത്തിൽ എത്തി ഡോർമിറ്ററി 'എ'യിലേക്ക്പോയി. ഒരു വലിയ ജനക്കൂട്ടത്താൽ ഡോർമിറ്ററി തിങ്ങി നിറഞ്ഞിരുന്നു. എല്ലാവരും മാസ്റ്ററെ കാണുന്നതിനായി നിർബന്ധം പിടിക്കുന്നുണ്ടായിരുന്നു. ഒരു സിറ്റിംഗ് നൽകിയതിനുശേഷം മാസ്റ്റർ സംസാരിച്ചു. "മൂഢഭക്തി"യെക്കുറിച്ച് സംസാരിച്ച അദ്ദേഹം, അതൊരു വലിയ പ്രശ്നമാണെന്നും, നാമൊരിക്കലും അതിൽ അകപ്പെടരുതെന്നും പറഞ്ഞു. പകരം, സാധന നിർദ്ദേശപ്രകാരം പരിശീലിച്ച് സഹജ മാർഗ്ഗത്തിൻെറ നേട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും മറ്റു പഴയ വിശ്വാസങ്ങളും രീതികളും മറികടന്ന് മുന്നോട്ട് പോകുവാൻ ശ്രമിക്കണമെന്നും പറഞ്ഞു. മാസ്റ്റർ വളരെ ക്ഷമയോടു കൂടി ഇത്രയധികം ആളുകളുടെ ഇടയിൽ നിന്നും തൻെറ കോട്ടേജിലേക്ക് തിരിച്ചു ചെന്നു.

മാസ്റ്റർ ഒരു പ്രായംചെന്ന സഹോദരിക്കു സമ്മാനമായി കൊടുക്കുവാൻ ഒരു വീൽ ചെയർ വാങ്ങുവാൻ ഏർപ്പാടു ചെയ്തിരുന്നു. ആ സമ്മാനം അദ്ദേഹം ആശ്രമത്തിലെ അവരുടെ താമസസ്ഥലത്ത് കൊണ്ടുപോയി കൊടുത്തു. മാസ്റ്റർ നന്നായി അറിയുന്ന ആ സഹോദരിയോടുള്ള സ്നേഹവും ഉത്കണ്ഠയും ആ

# എക്കോസ് ഇന്ത്യ വാർത്താപത്രിക





സമയത്ത് നിറഞ്ഞുനിന്നിരിന്നു. അതിനുശേഷം മാസ്റ്റർ ഗോൾഫ് കാർട്ടിൽ യാത്ര തുടരുകയും കുറേയേറെ അഭ്യാസികളെ കാണുകയും ചെയ്തു. അദ്ദേഹം കാൻറീനിനു പുറത്തു നിൽക്കുകയും കാൻറീനിൽനിന്നും കൊണ്ടുവന്ന കുറച്ചു ലഘുഭക്ഷണങ്ങൾ കഴിക്കുകയും കൂടി നിന്നവർക്കു നൽകുകയും ചെയ്തു. മാസ്റ്റർ അതിനുശേഷം കോട്ടേജിൽ വന്നു ജോലികൾ തുടർന്നു.

### ശനി, ജൂൺ 23, 2012

രാവിലെ തിരുപ്പൂരിൽ നിന്നും വന്ന 15–20 അഭ്യാസികളിൽ ചിലരുമായി മാസ്റ്റർ ശയനമുറിയിൽ സംസാരിച്ചിരുന്നു. അതിനുശേഷം മാസ്റ്റർ എല്ലാവരേയും കാണുകയും പ്രഭാത ഭക്ഷണത്തിനുശേഷം വീണ്ടും കാണാമെന്നു പറയുകയും എല്ലാവർക്കും പ്രസാദം വിതരണം ചെയ്യുകയും ചെയ്തു. ഭക്ഷണത്തിനു ശേഷം മാസ്റ്റർ ഹാളിൽനിന്നും പുറത്തു വരികയും എല്ലാ അഭ്യാസികളും അദ്ദേഹത്തിനു ചുറ്റും ഇരിക്കുകയും ചെയ്തു. തന്നോടു ചോദ്യങ്ങൾ ചോദിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഉടൻ നടക്കുവാൻ പോകുന്ന ആഘോഷങ്ങളെക്കുറിച്ചുള്ള എല്ലാ സംശയങ്ങളും വിശദീകരിക്കപ്പെട്ടതായി ഉറപ്പുവരുത്തുവാൻ അദ്ദേഹം ഈ ചോദ്യം ഒന്നിൽക്കൂടുതൽ തവണ ചോദിച്ചു.

ഒരു അഭ്യാസി മാസ്റ്ററോടു പറഞ്ഞു "ജോലി സമയത്ത് ഞാൻ ആകാംക്ഷാഭരിതനും ഉന്മേഷഭരിതനും ആയിത്തീരുന്നു". അതിന് മാസ്റ്റർ, തീരുമാനം എടുക്കേണ്ട ഘട്ടത്തിൽ ഒരടി പിന്നോട്ടുവെക്കുകയും ഒരു ദീർഘശ്വാസം വിടുകയും ആകാശത്തേക്കു ഒന്നു നോക്കുകയും ചെയ്തശേഷം തീരുമാനിക്കുവാനായി പറഞ്ഞു. ഒരു താൽക്കാലിക വിരാമമിടുവാൻ നിങ്ങൾ പരിശീലിക്കണമെന്നുപറഞ്ഞ് എപ്രകാരം ദീർഘശ്വാസമെടുക്കണമെന്നും ആകാശത്തേക്ക് എപ്രകാരം നോക്കണമെന്നും അദ്ദേഹം സ്വയം കാണിച്ചു. അതിനുശേഷം അദ്ദേഹം പറഞ്ഞു: "ജോലി വളരെ ആകർഷകവും താത്പര്യമുണ്ടാക്കുന്നതും ആകാം, പക്ഷെ നമ്മൾ ജാഗ്രതയോടിരിക്കണം".

### ഞായർ, ജൂൺ 24, 2012

ഒരു മണിക്കൂർ നീണ്ടുനിന്ന രാവിലത്തെ സത്സംഗത്തിൽ സഹോ. കമലേഷിനോട് തൻെറയടുത്തിരിക്കുവാൻ മാസ്റ്റർ ആവശ്യപ്പെട്ടു. സത്സംഗം കഴിഞ്ഞപ്പോൾ സഹോ. കമലേഷിന് അസുഖം അനുഭവപ്പെട്ടു. തുടർന്ന് അദ്ദേഹം ഒരാഴ്ച അസുഖബാധിതനായി.

### 25 – 29 ജൂൺ, 2012

ആഴ്ച്ച മുഴുവനായും മാസ്റ്റർക്കു നല്ല സുഖമില്ലായിരുന്നു. അദ്ദേഹം വിശ്രമമെടുത്തുകൊണ്ടിരിക്കുകയും അഭ്യാസികളെ കാണാതിരിക്കുകയും ചെയ്തു.

വെള്ളിയാഴ്ച്ച വൈകീട്ട്, അത്താഴത്തിനുശേഷം മാസ്റ്റർ തനിയെ ശോഭ ഗുത്തു പാടിയ 'മാരൊ പ്രണാം' കേട്ടുകൊണ്ടിരുന്നു. മാസ്റ്റർ ആ സംഗീതത്തിൽ പാടെ മുഴുകിയിരുന്നു. അദ്ദേഹം ഏകാഗ്രമായി മുഴുകിയിരുന്ന് നിശ്ശബ്ദമായി ഗാനം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്ന ഒരോരുത്തർക്കും ഒരു മഹത്തായ അനുഭവമായിരുന്നു.

### ഞായർ, ജൂലായ് 1, 2012

മാസ്റ്റർ രാവിലത്തെ സത്സംഗം നടത്തുവാനായി നേരത്തെ തയ്യാറായി. സത്സംഗത്തിനുശേഷം മാസ്റ്റർ പ്രാതൽ കഴിക്കുകയും സഹോ.ആദിത്യയുടേയും അദ്ദേഹത്തിൻെറ അമ്മ സഹോ. സുജാതയുടേയും കൂടെ ദീർഘനേര ചർച്ച നടത്തുകയും ചെയ്തു.

മാസ്റ്റർ രാവിലത്തെ സത്സംഗത്തിനെകുറിച്ച് സംസാരിക്കുകയായിരുന്നു. ഒരു അഭ്യാസി അത് ഒരു മണിക്കൂറും അഞ്ചു മിനിട്ടും നീണ്ടുനിന്നു എന്നു പറഞ്ഞപ്പോൾ മാസ്റ്റർ അത് കൃത്യമായി ഒരു മണിക്കൂറും ഏഴു മിനിട്ടും എന്നു തിരുത്തി. മാസ്റ്റർ അത് ഒരു അസാധരണമായ സിറ്റിങ്ങായിരുന്നു എന്നു പറഞ്ഞു. മറ്റൊരു ക്ഷീരപഥത്തിലെ ഒരു ബ്ലാക്ക് ഹോളിനുള്ളിലേക്ക് വലിച്ചെടുക്കപ്പെട്ടതായി അനുഭവപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു.

ചർച്ചകൾക്കു ശേഷം മാസ്റ്റർ ഹോസൂരിൽനിന്നും വന്ന അഭ്യാസികളെകണ്ട് റെസിഡെൻറ്ഷ്യൽ കോളനിയുടെ ആധാരങ്ങൾ വിതരണം ചെയ്തു. അറുപതിനടുത്ത അഭ്യാസികളുണ്ടായിരുന്ന ആ പരിപാടി മാസ്റ്ററെ വളരെ ക്ഷീണപ്പിച്ചു. അതിനുശേഷം അദ്ദേഹം വിശ്രമത്തിനു പോയി സുമാർ ഏഴുമണിക്കേ ഉണർന്നുള്ളൂ. ഉണർന്നെണീട്ട് തയ്യാറായതും അദ്ദേഹം അപ്പോൾ കോൽക്കത്തയിൽനിന്നുംവന്ന ഒരു വലിയ സംഘം അഭ്യാസികളെകണ്ടു. അദ്ദേഹത്തിൻെറ ശയനമുറിയിൽ നടന്ന ആ യോഗം തികച്ചും നിശ്ശബ്ദമായിരുന്നു. ആരും സംസാരിച്ചില്ല, മാസ്റ്ററുടെ സ്നേഹം ആ നിശ്ശബ്ദ ആശയവിനിമയത്തിൽനിന്നും ഓരോരുത്തർക്കും അനുഭവപ്പെട്ടു.

ആശ്രമ നിർമ്മാണവുമായി ബന്ധപ്പെട്ട ചില നിർമ്മാണജോലികൾ മാസ്റ്റർ ടി.വി.യിലൂടെ കണ്ടു. അതിനുശേഷം ഓഫീസ്മുറിയിൽവെച്ച്തന്നെ ഭക്ഷണം കഴിച്ചു. ടി.വി.യിൽ നേരിട്ടുള്ള സംപ്രേഷണത്തിലൂടെ ഒരു അഭ്യാസിയുടെ നൃത്തത്തിൻെറ അരങ്ങേറ്റം കണ്ടു.

ജൂലായ് 3 ചൊവ്വാഴ്ച്ച ഗുരുപൂർണ്ണിമ ദിനമായിരുന്നു. ഈ

# എക്കോസ് ഇന്ത്യ വാർത്താപത്രിക



മംഗളദിനത്തിൽ മാസ്റ്ററുടെ അനുഗ്രഹം സ്വീകരിക്കുവാനായി ധാരാളം അഭ്യാസികൾ കോട്ടേജിൽ രാവിലെ ആറുമണി മുതൽ തടിച്ചു കൂടിയിരുന്നു.മാസ്റ്റർ ക്ഷമാപൂർവ്വം എല്ലാവരേയും കണ്ട് അനുഗ്രഹിച്ചു. "ഞാൻ എന്റെ മാസ്റ്ററുടെ അടുത്തു പോയപ്പോൾ എനിക്ക് ഗുരുപൂർണ്ണിമയെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അന്നെനിക്ക് നാൽപ്പതു വയസ്സായിരുന്നു, ബാബുജി 'നാൽപതു മടങ്ങു വളർച്ചയുണ്ടാകട്ടെ' എന്ന് അനുഗ്രഹിച്ചു. നിങ്ങളേവരേയും ഞാൻ അപ്രകാരം അനുഗ്രഹിക്കുന്നു" എന്ന് മാസ്റ്റർ ഈ അവസരത്തിൽ പറഞ്ഞു.ഏകദേശം ഒരു മണിക്കൂർ നീണ്ടു നിന്ന സത്സംഗത്തിനുശേഷം മാസ്റ്റർ ഒമ്പതു കല്ല്യാണങ്ങൾ നടത്തുകയും ഭജനകൾ ശ്രവിക്കുകയും ചെയ്ത ശേഷം തന്റെ മുറിയിലേക്ക് മടങ്ങി. മാസ്റ്ററെ നേരിട്ടു കാണുവാൻ എല്ലാവരും ആഗ്രഹിച്ചിരുന്നതിനാൽ അന്ന് ഒരുപാട് തിരക്ക് അനുഭവപ്പെട്ടു. മാസ്റ്റർ ക്ഷീണിതനായതിനാൽ വിശ്രമത്തിനായി പോയി.

## ജൂലായ് 8, 2012, ഞായറാഴ്ച

ഈയാഴ്ചയിൽ, മാസ്റ്ററുടെ ആരോഗ്യനിലയിൽ ഇടക്കിടെ മാറ്റങ്ങളുണ്ടായിരുന്നു. ജൂലൈ ഒൻപതിനു ഗായത്രിയിലേക്ക് പോയ അദ്ദേഹം ആഴ്ച്ചയുടെ അവസാനദിനങ്ങളിൽ ആശ്രമത്തിലേക്ക് മടങ്ങുവാനാണ് ഉദ്ദേശിച്ചിരുന്നത്.

ഗായത്രിയിൽ അദ്ദേഹം വളരെ നല്ല അവസ്ഥയിലായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ആരോഗ്യനില ദിനം പ്രതി വ്യതിചലിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയിൽ പെട്ടെന്നുണ്ടായ മാറ്റം എല്ലാവരേയും ദു:ഖിതരാക്കി. തലേദിവസം രാത്രി നല്ല സുഖമില്ലാതിരുന്നതിനാൽ അദ്ദേഹം നേരത്തെ ഉറങ്ങുവാൻ പോയി. രാവിലെ അദ്ദേഹം നല്ല സ്ഥിതിയിലായിരുന്നത് എല്ലാവർക്കും അവിശ്വസനീയമായ ഒരു അനുഭവമായി. തിരുപ്പൂരിലെ ആഘോഷചടങ്ങുകളുടെ കമ്മിറ്റിക്ക് അവിടത്തെ തയ്യാറെടുപ്പിനെക്കുറിച്ച് അദ്ദേഹം ഒരു സന്ദേശം അയച്ചു. "അവിടത്തെ തയ്യാറെടുപ്പിന്റെ അതിവേഗത്തിലുള്ള പുരോഗമനം അത്ഭുതപ്പെടുത്തുന്നില്ല. സ്നേഹപൂർവ്വം പ്രവർത്തിക്കുമ്പോൾ പ്രകൃതി സഹകരിക്കുന്നു. ശാരീരിക ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് ഒൻപതുമാസം തന്റെ കുഞ്ഞിനെ ചുമക്കുന്ന ഒരമ്മയെ ഞാൻ ഓർക്കുകയാണ്. തന്റെ ഇനിയും ജനിച്ചിട്ടില്ലാത്ത കുഞ്ഞിന്റെ ഭാവിയെക്കു റിച്ചുള്ള ശോഭനമായ പ്രതീക്ഷയും, ആ കുഞ്ഞിനോടുള്ള അളവില്ലാത്ത സ്നേഹത്തിന്റെ പിന്തുണയോടും കൂടിയാണ് അവർ ബുദ്ധിമുട്ടുകൾ സഹിക്കുന്നത്. അത്തരത്തിലുള്ള സ്നേഹത്താൽ എല്ലാ അഭ്യാസികളും അനുഗ്രഹീതരാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു". "ജീവിതവൃക്ഷം" എന്ന് അദ്ദേഹം വിശേഷിപ്പിച്ചതിനെക്കുറിച്ചും അമ്മയെക്കുറിച്ചും അദ്ദേഹം പിന്നീട് വിശദീകരിച്ചു.

ജൂലായ് 14 ശനിയാഴ്ച്ച മാസ്റ്റർ ആശ്രമത്തിലേക്ക് തിരിച്ചു വന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമായിരുന്നില്ല. പതിനഞ്ചാംതിയ്യതി അദ്ദേഹം തീരെ അവശനാവുകയും ജന്മദിനാഘോഷങ്ങൾക്കായി തിരുപ്പൂരിലേക്ക് പോകുവാനുള്ള തന്റെ പരിപാടി ഉപേക്ഷിക്കുകയും ചെയ്തു.

പുതിയ മാധ്യമമുറി ജൂലായ് 16 ന് ഉദ്ഘാടനം ചെയ്യുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ ശാരീരിക അവശതകൾ മൂലം സഹോ. കമലേഷ് ഉദ്ഘാടനം നടത്തി. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ആ മുറിയിൽ ധാരാളം ചെറിയ അറകളും , കമ്പ്യൂട്ടർ സംവിധാനങ്ങളുമുണ്ട്. അത് നൂറു ശതമാനം ശബ്ദം കടക്കാത്തതായതിനാൽ അവിടെ ഓഡിയോ റിക്കാർഡ് ചെയ്യുവാൻ കഴിയും.

മൂന്നാഴ്ച്ചയോളം മാസ്റ്ററുടെ മോശമായ ആരോഗ്യനില തുടർന്നു. എങ്കിലും ,ഇപ്പോൾ അദ്ദേഹത്തിന്റെ നില സാവധാനമായെങ്കിലും വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. ജൂലായ് അവസാനം വരെ ആശ്രമത്തിലേക്കുള്ള സന്ദർശനം നിർത്തിവെച്ചിരിക്കുകയാണ്. തിരുപ്പൂർ പരിപാടിക്കുശേഷം മണപ്പാക്കം ആശ്രമം സന്ദർശിക്കുവാൻ പരിപാടിയിട്ടിരുന്ന പല അഭ്യാസികളോടും മറ്റു ഏർപ്പാടുകൾ നടത്തുവാൻ ആവശ്യപ്പെട്ടു.

അദ്ദേഹത്തിന്റെ സാവധാനമുള്ള സുഖപ്പെടൽ, മാസ്റ്ററെ പരിചരിച്ചിരുന്ന ഡോക്ടർമാരുടെ സമയാസമയങ്ങളിലുള്ള അവലോകനത്തിലൂടെ അറിയുവാനായി. നമ്മുടെ പ്രിയപ്പെട്ട മാസ്റ്ററുടെ വേഗത്തിലുള്ള സുഖപ്പെടലിനും,അദ്ദേഹത്തിന്റെ പൂർണ്ണ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടിയുള്ള പ്രാർഥന തുടരുവാൻ എല്ലാ സഹോദരീ സഹോദരന്മാരോടും അഭ്യർത്ഥിക്കുന്നു.







# പുതിയ പ്രസിദ്ധീകരണങ്ങൾ

തിരുപ്പൂരിൽ വെച്ച് മാസ്റ്ററുടെ 86-ാം ജന്മദിന ആഘോഷവേളയിൽ 20 പുസ്തകങ്ങളും 8 ശ്രവണ-ദൃശ്യ സി-ഡികളും പ്രകാശനം ചെയ്തു. കണ്ണാടി, കാൻവാസ്, വെള്ളിപൂശിയ പലകപ്പാളി എന്നിവയിൽ നിർമ്മിച്ച പ്രത്യേക തരം ഫോട്ടോകൾ പ്രദർശനത്തിനു വെച്ചിരുന്നു. ഇവ വാങ്ങാനുള്ള മുൻകൂർ ഓർഡർ ഇപ്പോഴും നൽകാവുന്നതാണ്. താത്പ്പര്യമുള്ള അഭ്യാസികൾ july24.photos@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടണം. പലതരത്തിലും വിലയിലും ഉള്ള നൂറുകണക്കിനു മറ്റു ഫോട്ടോകളും ഫോട്ടോഗാലറിയിൽ പ്രദർശിപ്പിച്ചിരുന്നു.

## ശ്രവണ-ദൃശ്യ മാധ്യമങ്ങളുടെ പ്രകാശനം

വിസ്പേർസ്, ഫ്രഞ്ച്, എംപി3





ഹി ഹുക്ക ആൻറ് ഐ, ഇംഗ്ലീഷ് ഡിവിഡി




സഹജ് മാർഗ് മീൻഡറിങ്ങ്സ് ഇംഗ്ലീഷ് ഡിവിഡി




മാസ്റ്റേർസ് ടോക്സ് റ്റു പ്രിസെപ്റ്റേർസ് – വാല്യം 1, വാല്യം 2 ഇംഗ്ലീഷ് എംപി3





ചെന്നൈയിലും കോയമ്പത്തൂരിലും മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങൾ തമിഴ് ഡി.വി.ഡി




ദ ഇറ്റേർണൽ പവർ ഓഫ് ലവ് – വാല്യം 1 – ഇംഗ്ലീഷ് ഡിവിഡി




മാസ്റ്റേർസ് ചോയ്സ് വാല്യം 4 – എംപി3





ഇന്നർ റിഫ്ലക്ഷൻസ് – വാല്യം 2 ഇംഗ്ലീഷ് എംപി3





## പുതിയ പുസ്തകങ്ങൾ

ഹി, ദ ഹുക്ക ആൻറ് ഐ ഇംഗ്ലീഷ്





കമൻററി ഓൺ ടെൻ മാക്സിംസ് ഓഫ് സഹജ് മാർഗ്





അഭ്യാസി ഡയറി




പ്രിഫെക്റ്റ്സ് ഡയറക്ടറി




ഹാസ്യ പുസ്തകം – തിമോത്തി





സാർവലൗകിക സന്ദേശങ്ങൾ വാല്യം 2





തമിഴ്
തെലുങ്ക്
മറാഠി
ഗുജറാത്തി
മലയാളം
കന്നഡ

ദ പ്രിൻസിപ്പൾസ് ഓഫ് സഹജ് മാർഗ് – വാല്യം 15




ദ പർസ്യൂട്ട് ഓഫ് ദ ഇന്നർ വേ



# മാസ്റ്ററുടെ 86-ാം ജന്മദിനാഘോഷങ്ങൾ

ആസ്സാം: ദിബ്രുഗഡിലെ അഭ്യാസികൾ ആഘോഷം ഉത്സാഹപൂർവ്വം കൊണ്ടാടി. "ജന്മദിനാശംസകൾ" ഒരു കുട്ടി അവതരിപ്പിച്ചു. ഒരു സഹോദരി ഭജനകൾ പാടി. മാസ്റ്ററുടെ രണ്ടു ചെറിയ പ്രഭാഷണങ്ങൾ കേൾപ്പിച്ച ശേഷം പ്രസാദ വിതരണത്തോടും പ്രഭാതഭക്ഷണത്തോടും കൂടി പരിപാടി അവസാനിച്ചു.

അലഹബാദ്: സത്സംഗത്തിനുശേഷം കുട്ടികൾ ഡാൻസ് അവതരിപ്പിച്ചു. സഹോദരിമാർ മാസ്റ്റർക്ക് പ്രിയപ്പെട്ട ഭജനകൾ പാടി. യുവാക്കൾ മാസ്റ്റർക്കായി ജന്മദിന ഗാനം പാടി. 600 ഓളം അഭ്യാസികൾ മാസ്റ്റർക്കുവേണ്ടി പാടുകയും ആശംസകൾ അവതരിപ്പിക്കുകയും ചെയ്തു. വേപ്പുചെടികൾ ധ്യാനഹാളിനു ചുറ്റും വെച്ചു പിടിപ്പിച്ചു. സഹോ. നിഷയും കൂട്ടരും ഒരു ചർച്ച നടത്തി. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടി അവസാനിച്ചു.

ലക്നൗ: മൂന്നു ദിവസം നീണ്ടുനിന്ന ആഘോഷപരിപാടിയിൽ 200 ഓളം അഭ്യാസികൾ പങ്കെടുത്തു. 23-ാം തിയതി രാവിലെ സത്സംഗത്തിനുശേഷം ചിന്തോദ്ദീപങ്ങളായ പ്രഭാഷണങ്ങളും അഭ്യാസികളുടെ അനുഭവങ്ങൾ പങ്കു വെയ്ക്കലും ഉണ്ടായി. കനത്ത മഴയിലും 24-ാം തിയതി 300ഓളം അഭ്യാസികൾ എത്തിച്ചേർന്നു. പ്രഭാത ധ്യാനത്തിനുശേഷം കുട്ടികൾ അവതരിപ്പിച്ച പരിപാടികൾ അഭ്യാസികൾക്ക് ഹൃദയസ്പർശിയായി. അതിനുശേഷം നടത്തിയ ഒരു നാടകം കാണികളെ ഹഠാകർഷിച്ചു.

പഞ്ചാബ്-ഹരിയാന: പഞ്ചാബ്, ഹരിയാന പ്രദേശത്തെ അഭ്യാസികൾ തങ്ങളുടെ സെൻററുകളിൽ മാസ്റ്ററുടെ ജന്മദിനം ആഘോഷിച്ചു. സോനിപതിൽ 100 ഓളം അഭ്യാസികൾ മൂന്നു ദിവസം നീണ്ടുനിന്ന പരിപാടികളിൽ പങ്കെടുത്തു. സത്സംഗത്തിനു പുറമെ, മാസ്റ്ററുടെ പ്രഭാഷണങ്ങൾ, ലാലാജിയുടെ ജീവിതത്തെപ്പറ്റിയുള്ള വീഡിയോ പ്രദർശനം തുടങ്ങിയവ ഉണ്ടായിരുന്നു. പട്ട്യാലയിൽ കുട്ടികൾക്കായി എഴുതാനും വരയ്ക്കാനുമുള്ള മത്സരങ്ങൾ സംഘടിപ്പിച്ചു. മൂന്നു ദിവസങ്ങളിലും മൂന്ന് സത്സംഗം വീതം ഉണ്ടായിരുന്നു. ചണ്ഡിഗഡിൽ അമ്പത്തിയഞ്ചോളം അഭ്യാസികൾ പങ്കെടുത്തു. വൈകുന്നേരം, മാസ്റ്ററുടെ ആരോഗ്യനിലയിലുള്ള പുരോഗതി അറിയിച്ചത് അഭ്യാസികളെ ഉത്സാഹഭരിതരാക്കി.

കൊൽക്കത്ത ആശ്രമം: കൊൽക്കത്തയിലെ 300 ഓളം അഭ്യാസികളും ഝാർഖണ്ഡ്, ബാന്ദൽ, ശാന്തിപൂർ തുടങ്ങിയ അടുത്ത സെൻററുകളിൽനിന്നുള്ള അമ്പതോളം അഭ്യാസികളും 23-25 തിയതികളിൽ നടന്ന ആഘോഷപരിപാടികളിൽ പങ്കെടുത്തു. രബീന്ദ്ര സംഗീതം, ഭജനുകൾ, മാസ്റ്ററുടെ യാത്രകൾ വിവരിക്കുന്ന ഡിവിഡി പ്രദർശനം, മുതിർന്ന അഭ്യാസികളുടെ അനുഭവ വിവരണം, സഹജമാർഗ പദ്ധതി പരിശീലിക്കേണ്ടതിന്റെ ആവശ്യകത ഭണ്ഡാരകളിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം തുടങ്ങിയവ ആയിരുന്നു 24-ാം തിയതിയിലെ മുഖ്യ പരിപാടികൾ. സഹജമാർഗ പരിശീലനത്തെക്കുറിച്ച് ഒരു ചർച്ചയും നടത്തി. ഉച്ച ഭക്ഷണത്തിനുശേഷം തുടർന്ന പരിപാടിയിൽ മാസ്റ്ററുടെ ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള പ്രഭാഷണങ്ങൾ അവതരിപ്പിച്ചു. മാസ്റ്ററുടെ ഓർമ്മയിൽ മുഴുകുവാൻ സഹായകരമായ "ഡൗൺ മെമ്മറി ലെയ്ൻ" എന്ന പുസ്തകത്തെക്കുറിച്ച് ഒരു അവതരണമുണ്ടായി.

### രാജസ്ഥാൻ

ജയ്പൂർ: രാവിലെ 7.30നും വൈകീട്ട് 5 മണിക്കുമായി മൂന്നു ദിവസവും സത്സംഗം നടത്തി. 280 അഭ്യാസികളും 65 ഓളം കുട്ടികളും ഇതിൽ പങ്കെടുത്തു. കുട്ടികൾ പാടുകയും വിവിധ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. സഹോ.തരുൺ, സഹോ.അഞ്ജലി, സഹോ.അനിൽ തുടങ്ങിയവർ സഹജമാർഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി. 25-ാം തിയതി സത്സംഗത്തിനുശേഷം ബാബുജി മഹരാജിനെ പ്രകീർത്തിച്ചുകൊണ്ട് സഹോ.രമ കൊച്ചാർ ഒരു ഭക്തി ഗാനം ആലപിച്ചു.

ഉദയ്പൂർ: രാവിലെ സത്സംഗത്തിനുശേഷം മാസ്റ്ററുടെ ജീവചരിത്രം വായിച്ചു. അതിനുശേഷം സഹജമാർഗത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്തു. കൂട്ടായ ചർച്ചകൾക്കുശേഷം സഹോദരിമാർ ഭജനുകൾ പാടി. കുട്ടികൾ കവിതകൾ ചൊല്ലി. അഭ്യാസികൾ പങ്കെടുത്തെ ആദ്ധ്യാത്മിക പ്രാധാന്യമുള്ള കളി നടത്തി. അതിനുശേഷം വിവിധ വിഷയങ്ങളിൽ അഭ്യാസികൾ സംസാരിച്ചു.

ജോധ്പൂർ: 275 ഓളം അഭ്യാസികൾ മൂന്നു ദിവസം നീണ്ടുനിന്ന പരിപാടിയിൽ പങ്കെടുത്തു. അഭ്യാസികൾ ഭജനകൾ പാടുകയും സന്നദ്ധ സേവനം നടത്തുകയും ചെതു. സാധനയാണ് എല്ലാ അസുഖങ്ങൾക്കുമുള്ള ഔഷധം എന്നത് ചർച്ച ചെയ്യപ്പെട്ടു. സഹജമാർഗത്തിൽ ചേർന്നതിനുശേഷമുള്ള തങ്ങളുടെ അനുഭവങ്ങൾ അഭ്യാസികൾ വിവരിച്ചു. മാസ്റ്ററുടെ ആരോഗ്യത്തിനായി ഏവരും പ്രാർത്ഥിച്ചു.

അജ്മെർ: രാവിലെ 7.30നുള്ള സത്സംഗത്തിൽ 48 ഓളം അഭ്യാസികൾ പങ്കെടുത്തു. മാസ്റ്ററുടെ പ്രഭാഷണം, പ്രത്യേകമായി ലഭിച്ച സന്ദേശങ്ങൾ (Whispers) വായിക്കുക, മാസ്റ്ററുടെ പ്രഭാഷണങ്ങളിലെ പ്രസക്ത ഭാഗങ്ങൾ വായിക്കുക തുടങ്ങിയവ ആയിരുന്നു മുഖ്യ പരിപാടി. അഭ്യാസികളും കുട്ടികളും, ഭജനകളും പദ്യങ്ങളും ചൊല്ലി. ചാരിജിയെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുമുള്ള പ്രശ്നോത്തരി അഭ്യാസികളുടെ ആവേശം ഉയർത്തി. ഭണ്ഡാരകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഹോ.പി.കെ.അറോറ സംസാരിച്ചു. 11 മണിക്കുള്ള സത്സംഗത്തിനുശേഷം വീഡിയോ പ്രദർശനം നടന്നു. സഹോ.പി.കെ.അറോറയുടെ ഗൃഹത്തിലായിരുന്നു വൈകീട്ട് സത്സംഗം നടത്തിയത്.

അൽവർ: അൽവറിലെ 'യോഗാശ്രമ'ത്തിൽ 23 മുതൽ 25 വരെ 160 ഓളം പേർ പങ്കെടുത്ത പരിപാടി നടത്തി. അൽവർ, രാജ്ഗഡ്, ഖൈർഥൽ, കൊട്പുതലി, ബാൻധികുയി, മഹ്വ, പീൽവ തുടങ്ങിയ സെൻററുകളിൽനിന്നുള്ള അഭ്യാസികളാണ് പങ്കെടുത്തത്. നിസ്വാർത്ഥ സ്നേഹം, സേവനം തുടങ്ങിയ മാസ്റ്ററുടെ സ്വഭാവ വിശേഷണങ്ങളെഅഭ്യാസികൾ ഓർമ്മിച്ചു.

ശ്രീ ഗംഗാനഗർ: 130 അഭ്യാസികളും കുട്ടികളും പങ്കെടുത്ത പരിപാടി സഹോ.പി.കെ.മിധയുടെ വീട്ടിൽ വെച്ച് നടത്തി. രാവിലെ സത്സംഗത്തിനുശേഷം മാസ്റ്ററുടെ ജീവിതത്തെപ്പറ്റിയുള്ള പുസ്തകം വായിച്ചു. പദ്യപാരായണം, ഗുരുപൂർണ്ണിമയെപ്പറ്റിയുള്ള വീഡിയോ പ്രദർശനം തുടങ്ങിയവ ഉണ്ടായിരുന്നു. വൈകീട്ട് കുട്ടികളുടെ പദ്യപാരായണവും ഭജനകളും ഉണ്ടായിരുന്നു.

ഭിൽവാഡ: രാവിലെ 7.30നുള്ള സത്സംഗത്തിനുശേഷം മാസ്റ്റർക്കിഷ്ടപ്പെട്ട ഭജനകൾ പാടി. കുട്ടികളുടെ പദ്യപാരായണവും ഭജനകളും ഉണ്ടായി. 'സത്യോദയ'ത്തിലെ പ്രസക്ത ഭാഗങ്ങൾ വായിച്ചു. 'ഇൻസാൻ ബനോ' എന്ന സിഡി പ്രദർശിപ്പിച്ചു. രാവിലത്തെ സത്സംഗത്തിൽ 50-ും വൈകീട്ട് 21-ും അഭ്യാസികൾ പങ്കെടുത്തു.

## ആശയ പ്രചരണം....



### ഉത്തരാഖണ്ഡിലെ കാശിപ്പൂരിൽ അദ്ധ്യാപകർക്ക് പ്രോത്സാഹനം നൽകുന്ന പരിപാടി

ഒരു മുഴുദിന പരിപാടിയിൽ അഭ്യാസികളെമൂന്നു സംഘങ്ങളായി തിരിച്ച് അവരോട് പുതിയ അഭ്യാസികൾ പൊതുവായി ചോദിക്കാൻ സാധ്യതയുള്ള ചോദ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തു. ആ പട്ടിക തയ്യാറായതിനുശേഷം രണ്ട് അഭ്യാസികൾ അഭിമുഖമായിരുന്നു ഈ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും പറയാൻ തുടങ്ങി. പല സംശയങ്ങളും അവിടെ ഉയർന്നു വന്നു. എല്ലാ അഭ്യാസികൾക്കും സഹജ മാർഗത്തിന്റെ അടിസ്ഥാനപരമായ വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു.

ഈ പരിപാടിക്കുശേഷം സ്കൂൾ നടത്തുന്ന ഒരു സഹോദരൻ കുറെ അദ്ധ്യാപകരെ പ്രോത്സാഹിപ്പിച്ച് അവർക്കുവേണ്ടി ആഗസ്റ്റ് 7–ന് ഒരു പരിപാടി നടത്തി. നോട്ടീസുകളോടൊപ്പം ഈ അദ്ധ്യാപകർക്ക് സഹജമാർഗത്തെപ്പറ്റി ചുരുക്കം വിവരങ്ങളും നൽകിയിരുന്നു. വ്യക്തിപരമായ ലക്ഷ്യങ്ങളും മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യവും അവർക്കു പറഞ്ഞുകൊടുത്ത് അവ തമ്മിലുള്ള വ്യത്യാസവും വിവരിച്ചുകൊടുത്തു. മതത്തിൽ നിന്നു പുരോഗമിച്ച് ആദ്ധ്യാത്മികതയിലേക്ക് മുന്നേറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അത് എങ്ങിനെ ചെയ്യാമെന്നും വിവരിച്ചുകൊടുത്തു. ഈ വിശദീകരണം അവരെല്ലാവരും ഹൃദയപൂർവ്വം സ്വീകരിച്ചു. ഇത്തരം ആശയങ്ങൾ ഇതുവരെ കേട്ടിട്ടില്ലെന്നു പലരും അഭിപ്രായപ്പെട്ടു.

വലിയ സംഘങ്ങളെഅപേക്ഷിച്ച് ചെറിയ സംഘങ്ങളിൽ, അതിൽ പങ്കെടുക്കുന്നവർ അവരുടെ വ്യക്തിപരമായ അഭിപ്രായങ്ങളും സംശയങ്ങളും ഭയമില്ലാതെ അവതരിപ്പിക്കുന്നു എന്നു ഈ പരിപാടിയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. പതിനഞ്ചു അദ്ധ്യാപകർ പങ്കെടുത്ത ഈ പരിപാടി ഏകദേശം ഒന്നര മണിക്കൂർ നീണ്ടുനിന്നു. ചോദ്യോത്തരങ്ങൾക്കുശേഷം പരിപാടി അവസാനിച്ചു.

### കൊൽക്കത്തയിലെ വിദ്യാർത്ഥികളും യുവാക്കളും

ഹെരിറ്റേജ് ഇൻസ്റ്റിറ്റ്യൂട്ടിലെ താത്പ്പര്യമുള്ള ചെറുപ്പക്കാർക്കായി ആഗസ്റ്റ് 12–ന ഒരു തുറന്ന സദസ്സ് സംഘടിപ്പിച്ചു. സ്വാഗത പ്രസംഗത്തിനുശേഷം കൊൽക്കത്ത സെൻറർ-ഇൻ-ചാർജ്ജായ സഹോ. മിസാൽ മെഹ്ത സഹജ മാർഗത്തിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു. ഇന്നത്തെ മനുഷ്യൻ എപ്രകാരം അവനു ചുറ്റും കാണുന്ന സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടുകൾ മാത്രമാണ് യാഥാർത്ഥ്യമെന്നു വിശ്വസിച്ച് പ്രകൃതിയുടെ സൃഷ്ടിയിൽ നിന്നും അകന്നുപോകുന്നു എന്ന ആശയത്തോടുകൂടിയാണദ്ദേഹം പ്രസംഗം ആരംഭിച്ചത്. യോഗ, ധ്യാനം എന്നിവയെപ്പറ്റിയും അദ്ധേഹം പല ഉദാഹരണങ്ങൾ സഹിതം പ്രസംഗിച്ചു.

ഇതിനുശേഷം യുവാക്കളായ നാല് എൻജിനിയർമാരായ അഭ്യാസികൾ തങ്ങൾ അഭ്യാസികളായതിനെപ്പറ്റിയും അവരുടെ ഇതുവരെയുള്ള അനുഭവത്തെപ്പറ്റിയും സംസാരിച്ചു. ഒരു ഹൃസ്വ ചോദ്യോത്തരവേളക്കുശേഷം പരിപാടി അവസാനിച്ചു. അവിടെ സന്നിഹിതരായിരുന്ന ഏകദേശം 70 പേർക്ക് സഹജമാർഗത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിവിരിക്കുന്ന ലഘുലേഖ വിതരണം ചെയ്തു. ഇതിൽ 30 പേർ ഹെരിറ്റേജിൽ നിന്നും ബാക്കിയുള്ളവർ ഇതിൽ താത്പ്പര്യമുള്ളവരും അഭ്യാസികളും ആയിരുന്നു. അവരുടെ അഭിപ്രായങ്ങൾ പ്രോത്സാഹജനകമായിരുന്നു. ചിലർ സിറ്റിംഗ് എടുക്കാൻ താത്പ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.



### മൈസൂരിൽ പോലിസ് ഉദ്യോഗസ്ഥരോടുള്ള അഭിസംബോധന

മൈസൂരിലെ കർണാടക പോലിസ് അക്കാഡമിയിൽ അടിസ്ഥാന പരിശീലനം നേടിക്കൊണ്ടിരിക്കുന്ന നേരിട്ട് നിയമനം ലഭിച്ച 39 ഡെപ്യൂട്ടി പോലിസ് സൂപ്രണ്ട്മാരേയും 19 സബ്-ഇൻസ്പെക്റ്റർമാരേയും 2012 ആഗസ്റ്റ് 16–ന മിഷന്റെ ജോയിൻറ് സിക്രട്ടറി സഹോദരൻ എ. പി. ദുരൈ അഭിസംബോധന ചെയ്തു. അവിടുത്തെ അക്കാഡമി ഡയറക്റ്ററും പോലിസ് ഐ. ജി-യുമായ ശ്രീ അമർ കുമാർ പാണ്ടെ സഹോദരൻ ദുരൈയെ പരിചയപ്പെടുത്തി. 1996–97 വർഷങ്ങളിൽ സഹോദരൻ ദുരൈ ഡി.ജി.പി ആയിരുന്ന കാലത്ത് അദ്ദേഹം ഒരു മാതൃകാ പോലിസ് അധികാരി ആയിരുന്നു എന്നു തന്റെ പ്രസംഗത്തിൽ ശ്രീ പാണ്ടെ ഊന്നിപ്പറഞ്ഞു.

“പോലിസ് അധികാരികളുടെ വ്യക്തിപരമായ വളർച്ചയും സ്വഭാവ രൂപികരണവും” എന്ന വിഷയത്തെപ്പറ്റിയാണ് സഹോദരൻ ദുരൈ സംസാരിച്ചത്. ഇതിനായി അദ്ദേഹം മാസ്റ്ററുടെ അധ്യാപനങ്ങളിൽ നിന്നു പല ഉദാഹരണങ്ങളും ഉദ്ധരിച്ചു. നമ്മുടെ ജീവിതത്തിൽ കർമഫലങ്ങൾ എങ്ങനെ പ്രാവർത്തികമാകുന്നു എന്നും നമ്മുടെ എല്ലാ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും നാം തന്നെയാണ് ഉത്തരവാദികൾ എന്നും വിശദീകരിച്ചു. അദ്ദേഹത്തിന്റെ ഔദ്യോഗിക കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും അനുഭവങ്ങളും ഉപയോഗിച്ചാണ് ഈ തത്വങ്ങൾ വിവരിച്ചത്. തന്റെ ജോലികൾ ഭയമില്ലാതെയും പക്ഷഭേദമില്ലാതെയും ആന്തരിക സ്വത്വത്തിൽ ശ്രദ്ധിച്ച് ചെയ്യണമെന്ന അദ്ദേഹത്തിന്റെ ആഹ്വാനം അവരെ സ്വാധീനിച്ചതായി തോന്നി.

ഭഗവത്ഗീതയിലെയും യേശുക്രിസ്തുവിന്റെയും ഉദ്ധരണികൾ അവർ വളരെ ഉത്സാഹത്തോടുകൂടി സ്വീകരിച്ചു. പ്രാസംഗികരുമായി ആശയവിനിമയം നടത്താനും ചോദ്യങ്ങൾ ചോദിക്കാനും അവരെ പ്രോത്സാഹിപ്പിച്ചു. ഏകദേശം ഒന്നര മണിക്കൂർ നീണ്ടുനിന്ന ഈ പരിപാടിയിൽ മാസ്റ്ററുടെ സാന്നിധ്യവും പ്രചോദനവും സദാ അനുഭവപ്പെട്ടു.

## തിരുപ്പൂർ ആശ്രമത്തിലെ പൊതുയോഗം

നേരത്തെ വിതരണം ചെയ്ത നോട്ടീസിന്റെ പശ്ചാത്തലത്തിൽ പങ്കെടുത്ത 75 ഓളം പേരെ ആഗസ്റ്റ് 12 ന് തിരുപ്പൂരിലെ ചെട്ടിപ്പാളയം യോഗാശ്രമത്തിൽ വെച്ച് വളൻറിയർമാർ സ്വാഗതം ചെയ്തു.സെൻറർ ഇൻ ചാർജ് സഹോദരൻ രവിസുബ്ബയ്യൻ അതിഥികളെഅഭിസംബോധന ചെയ്തുകൊണ്ട്,സാധന ആരംഭിക്കുന്നതിനുവേണ്ട ഘടകങ്ങളെക്കുറിച്ച് സംസാരിച്ചു. തങ്ങളെസഹജമാർഗത്തിൽ എത്തിച്ച സാഹചര്യത്തെക്കുറിച്ചും സാധനയിൽനിന്ന് അവർക്കുണ്ടായ അനുഭവത്തെക്കുറിച്ചും വളൻറിയർമാർ യോഗത്തിൽ സംസാരിച്ചു.

ക്ഷണിതാക്കളിൽ അമ്പതോളം പേർ അപ്പോൾ തന്നെ സാധന ആരംഭിച്ചു. വൈകുന്നേരം നാലുമണിവരെ സിറ്റിംഗ് തുടർന്നു. ഇത്തരം ഒരു പ്രതികരണം മാസ്റ്ററുടെ അനുഗ്രഹംകൊണ്ട് മാത്രമേ സാധ്യമാകൂയെന്ന് എല്ലാവരും അനുസ്മരിച്ചു.

## യുവാക്കളുടെ പരിപാടി, മൈസൂർ

2012 ആഗസ്റ്റ് 12ന് അന്താരാഷ്ട്ര യുവദിനത്തോടനുബന്ധിച്ച്, ബാംഗളൂരിൽനിന്നും 30ഓളം യുവാക്കൾ തലേദിവസംതന്നെ മൈസൂർ ആശ്രമത്തിലേക്ക് തിരിച്ചു. യാത്രാമദ്ധ്യേ എല്ലാവർക്കും പരസ്പരം പരിചയപ്പെടുന്നതിനുള്ള അവസരം ലഭിച്ചു. അത്താഴസമയത്ത് താൻ ഇടപഴകിയ വ്യക്തിയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ ആവശ്യപ്പെടുകയുണ്ടായി. സാർവ്വലൗകിക പ്രാർത്ഥനക്കുശേഷം,"കിംഗ്സ് സ്പീച്ച്" എന്ന സിനിമയുടെ പ്രദർശനവുമുണ്ടായി.

അടുത്തദിവസം, തങ്ങളുടെ വ്യക്തിഗതധ്യാനത്തിനുശേഷം, ക്രിക്കറ്റും മറ്റും കളിക്കുന്നതിനും അവർ സമയം കണ്ടെത്തി. മൈസൂർ കേന്ദ്രത്തിലെ ചില യുവാക്കളും ഇതിൽ പങ്കെടുത്തു. രാവിലത്തെ സത്സംഗത്തിനും പ്രാതലിനും ശേഷം, LMOISലെ പൂർവ്വവിദ്യാർത്ഥികൾക്ക് മാസ്റ്റർ നൽകിയ പ്രഭാഷണത്തിന്റെ വീഡിയോ പ്രദർശിപ്പിച്ചു. ഈ സന്ദേശത്തെക്കുറിച്ച് സഹോദരി പ്രിയഹെഗ്ഡെയുടെ നേതൃത്വത്തിൽ ചർച്ച നടത്തി.

അഭ്യാസികളെരണ്ടു ഗ്രൂപ്പുകളായി തിരിച്ച് ഓരോരുത്തർക്കും ഓരോ ഉരുളക്കിഴങ്ങ് നൽകി, അതവരുടെ സുഹൃത്താണെന്ന് സങ്കൽപ്പിച്ച് അവരുടെ ഭാവനയിൽനിന്നും ഒരു കഥ അവരുടെ ഗ്രൂപ്പിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെട്ടു. സർഗ്ഗാത്മകതയും ചിന്തയും ആവശ്യമായിട്ടുള്ള ഈ പ്രവൃത്തി കൊണ്ട് ആദ്ധ്യാത്മികതയും, ഭൗതികതയും കോർത്തിണക്കിയ വിവിധതരത്തിലുള്ള കഥകൾ അവതരിപ്പിക്കുകയുണ്ടായി. ചെറിയൊരു ഇടവേളക്കുശേഷം, മാസ്റ്ററുടെ ഉദ്ധരണികൾ എടുത്തുകൊണ്ട്, രണ്ടു മിനിട്ട് തത്സമയപ്രഭാഷണങ്ങൾ നടത്തുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം പല ടീമുകളായി വിഭജിക്കപ്പെട്ട ഇവർ സഹോ: അനന്യയുടെ നേതൃത്വത്തിൽ നടത്തിയ പൊതുവിജ്ഞാന പ്രശ്നോത്തരിയിൽ പങ്കെടുത്തു.

മൊത്തത്തിൽ, പരിപാടി വളരെ ഹ്രസ്വവും, കൃത്യവും, ഫലദായകവുമായിരുന്നു. പങ്കെടുത്ത എല്ലാ സഹോദരി സഹോദരന്മാർക്കും ആത്മ പരിശോധന നടത്തുന്നതിനും പരസ്പരം അറിയുന്നതിനും ആശയങ്ങൾ പങ്കു വെക്കുന്നതിനുമുള്ള അവസരം ലഭിച്ചു.




## ചിത്രരചനാ മത്സരം, ഭിൽവാഡ , രാജസ്ഥാൻ

പ്രകൃതി (Nature) എന്ന വിഷയത്തെ ആസ്പദമാക്കി എട്ടിനും പതിനാറിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കുവേണ്ടി ഒരു ചിത്രരചനാമത്സരവും, പ്രതീക്ഷ (Expectation) എന്ന വിഷയത്തിലൂന്നി പതിനെട്ടിനും മുപ്പതിനും ഇടയ്ക്ക് പ്രായമുള്ളവർക്കുവേണ്ടി ഒരു ഉപന്യാസ മത്സരവും വേനലവധിക്ക് സംഘടിപ്പിച്ചു. ഈ മത്സരത്തിന്റെ ഫലം ജൂലായ് എട്ടിന് പുറത്തുവിട്ടു. എല്ലാ രചനകളും ധ്യാനമന്ദിരത്തിൽ പ്രദർശിപ്പിച്ചിരുന്നു. എല്ലാവരേയും ആകർഷിച്ച ചിത്രത്തിന്റെ പ്രമേയം ഒരു കുട്ടിയും ഗ്രാമീണനും പട്ടണവാസിയും പ്രകൃതിയെ എങ്ങനെ കാണുന്നുവെന്നതായിരുന്നു.

## യുവാക്കളുടെ പരിശീലനപരിപാടി,പശ്ചിമ ബംഗാൾ

18നും 35നും മദ്ധ്യേയുള്ള നൂറോളം അഭ്യാസികൾ കൽക്കത്ത ആശ്രമത്തിലുണ്ട്. എന്നാൽ പതിനഞ്ചോ, ഇരുപതോ പേർ മാത്രമാണ് വളരെ സജീവമായി ഞായറാഴ്ച സത്സംഗത്തിലും ആശ്രമപരിപാടികളിലും പങ്കെടുത്തിരുന്നുള്ളു. അവരെ എല്ലാവരേയും ഒന്നിച്ചു കൊണ്ടുവരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ചില അഭ്യാസികൾ ഒരു പരിപാടി സംഘടിപ്പിച്ചു.

പല ആശയങ്ങളും ഉയർന്നു വന്നു. അഭ്യാസികളുടെ വിവരങ്ങൾ ശേഖരിക്കുക,എല്ലാ ആഴ്ച്ചയും സത്സംഗത്തിനുശേഷം പുസ്തകവായന സംഘടിപ്പിക്കുക,വിനോദ വിഷയങ്ങളായ ക്രിക്കറ്റ് മുതലായ കളികൾ ആരംഭിക്കുക മുതലായ ആശയങ്ങൾ അവയിൽ ചിലതായിരുന്നു. തുടർച്ചയായി മൂന്നു ഞായറാഴ്ചകളിൽ ഒരു "യൂത്ത് ബൂത്ത്" തുറന്നുവെച്ച് എല്ലാ അഭ്യാസികളോടും അവിടെ രജിസ്റ്റർ ചെയ്യുവാൻ ആവശ്യപ്പെട്ടു.

അതിനുശേഷം അനൗപചാരിക ചടങ്ങുകൾ രണ്ടു മണിക്കൂർ നേരത്തേക്ക് എല്ലാ ഞായറാഴ്ച്ചകളിലും നടപ്പിലാക്കുവാൻ തീർച്ചയാക്കി. 2012 ജൂലായ്ക്കുശേഷം നടപ്പിലാക്കിയ ഇത്തരം സംരംഭങ്ങളിൽ അഭ്യാസികളുടെ എണ്ണം ക്രമേണ വർദ്ധിക്കുവാൻ തുടങ്ങി. പരസ്പരചർച്ചയുടെ രൂപത്തിലുള്ള ഇത്തരം വേദികളിൽ സാധനയുടെ വിവിധ വശങ്ങളെക്കുറിച്ചും, തങ്ങളിൽവന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചും മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ സമൂഹവായന, തുടർന്നുള്ള ആത്മപരിശോധന തുടങ്ങിയവ നടപ്പാക്കുവാനുള്ള സാദ്ധ്യത തുറന്നു വെച്ചു. മാസ്റ്ററുടെ അനുഗ്രഹം കൊണ്ട് ഈ ഗ്രൂപ്പ് വലുതാകുമെന്ന് പ്രതീക്ഷിക്കാം.



# ദില്ലി സോണൽ ആശ്രമം

# പ്രകാശ കേന്ദ്രം





ദില്ലിയിൽ, പട്ടണത്തിൻെറ ഹൃദയഭാഗത്തായി ആർ.കെ.പുരത്തും, ദില്ലി–ഹരിയാന അതിർത്തിയിലുമായി 2 ആശ്രമങ്ങളുണ്ട്. രണ്ടാമത്തെ ആശ്രമം, സോണൽആശ്രമം, ഗുർഗാവ് എന്ന പേരിലാണ് അറിയപ്പെടുന്നത്. രാജ്യാന്തരവിമാനത്താവളത്തിൽനിന്നും 12 കി.മീറ്ററും, അഭ്യന്തരവിമാനത്താവളത്തിൽനിന്ന് 15 കി.മി. അകലെയാണ് ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്.

2001 ജൂൺ പതിനഞ്ചിന് ആറരയേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ ആശ്രമം മാസ്റ്റർ ഉദ്ഘാടനം ചെയ്തു. രണ്ടായിരത്തോളം ആളുകളെ ഉൾക്കൊള്ളാവുന്ന ധ്യാനമന്ദിരം ഇവിടെയുണ്ട്. തുടക്കത്തിൽ മണപ്പാക്കത്തെ പഴയ ധ്യാനമന്ദിരത്തിൽ ഉപയോഗിച്ചിരുന്ന ആസ്ബെസ്റ്റോസ്ഷീറ്റും മറ്റുമാണ് ഇവിടെ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത്. പിന്നീട് നവീകരണത്തിൻെറ ഭാഗമായി പഴയ ഷീറ്റുകൾ മാറ്റി ലോഹ ഷീറ്റുകൾ ഉപയോഗിക്കുകയും ഹാളിൻെറ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്തു. കടുത്ത വേനലിൽ മേൽക്കൂര നനക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചൂട് കുറയ്ക്കുവാനായി മേൽക്കൂര പ്രത്യേകം ആവരണം ചെയ്തതിനാൽ ധ്യാനമന്ദിരത്തിലെ ചൂട് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.



തൻെറ സന്ദർശനവേളകളിൽ ഇരിയ്ക്കാറുള്ള, പുൽത്തകിടിയെ അഭിമുഖീകരിച്ചു കൊണ്ടുള്ള മാസ്റ്ററുടെ ഓഫീസ് ധ്യാനമന്ദിരത്തിൻെറ ഒരു വശത്ത് നിർമ്മിച്ചിരിക്കുന്നു. 2008 ഏപ്രിൽ ഇരുപതിന് മാസ്റ്റർ ഈ മന്ദിരം ഉദ്ഘാടനം ചെയ്തു. രണ്ട് ചെടികൾ നടുകയും ചെയ്തു. ദ്രോണാചാര്യരുടെ ഒരു പ്രതിമയും അദ്ദേഹം അനാവരണം ചെയ്തു. ആ പേരിൽ നിന്നാണ് ഗുർഗാവ് (ഗുരു+ഗാവ് ) ഉണ്ടായത് എന്ന് പറയപ്പെടുന്നു.



ആശ്രമത്തിൻെറ ഒരു മൂലയിൽ വിസ്താരമുള്ള ഒരു അടുക്കളയുണ്ട്. അതിൻെറ ഒരു ഭാഗത്തായി കാൻറീൻ പ്രവർത്തിക്കുന്നു. അഭ്യാസികളുടെയെണ്ണം കൂടുന്നതിനനുസരിച്ച് കൂട്ടിച്ചേർക്കാൻ സൗകര്യമുള്ള ആധുനിക രീതിയിലുള്ള ശൗചാലയങ്ങൾ ഇവിടെയുണ്ട്. ആശ്രമത്തിൽ ആവശ്യമായ വാഹനങ്ങൾ നിർത്തുവാനുള്ള സ്ഥലം ലഭ്യമാണ്. കുട്ടികൾക്കായുള്ള സെൻററും പുസ്തകശാലയും പ്രധാന ഗേറ്റുകളിലൊന്നിൻെറ അടുത്താണ്. കുട്ടികൾക്ക് കളിക്കുവാനുള്ള സ്ഥലസൗകര്യവും ഇവിടെയുണ്ട്. ജൈവവളങ്ങളുപയോഗിച്ച് പച്ചക്കറികൾ ഇവിടെ കൃഷി ചെയ്യുണ്ട്. നാല് പൂന്തോട്ടക്കാരും ഒരു സൂക്ഷിപ്പുകാരനും അവരുടെ കുടുംബത്തോടൊപ്പം ഇവിടെ താമസിക്കുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ സെൻററിലേക്കുള്ള മിഷൻ പുസ്തക വിതരണം ഇവിടെനിന്നാണ് നടത്തുന്നത്. എല്ലാ മാസവും ആദ്യ ഞായറാഴ്ച്ച മുഴുദിന പരിപാടികൾ ഇവിടെ നടത്തുന്നുണ്ട്.



2009 മേയ് മുപ്പത്തൊന്നിന് ആശ്രമത്തിൽ സത്സംഗം നടത്തിയപ്പോൾ മാസ്റ്റർ, ലോകമെമ്പാടും നടത്താറുള്ള സത്സംഗത്തിൻെറ സമയം രാവിലെ 7.30 ആയി പുനർക്രമീകരിച്ചു. മനുഷ്യ നിലനിൽപ്പിൻെറ ആവശ്യകതയ്ക്ക് ഊന്നൽനൽകി മാസ്റ്റർ ഇപ്രകാരം പറഞ്ഞു: “ശ്വസനം, ആഹരിക്കൽ, പ്രവർത്തനം, വിശ്രമം, ഉറക്കം തുടങ്ങി ജീവിതത്തിൽ നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളും അതിജീവനത്തിനാണെന്നും, ആ അതിജീവനത്തിൻെറ ഒരേയൊരു ലക്ഷ്യം ഈ മാനുഷിക തലത്തിൽനിന്നും ദൈവീകതലത്തിലേയ്ക്ക് പരിണമിക്കുക എന്നതു മാത്രമാണെന്നുമുള്ള വസ്തുത നിങ്ങളുടെ ബോധതലത്തിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു”.



**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.